## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .2027 — 22.01.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം

ചോദ്യം — ഉത്തരം

| | ശ്രീ.എ.എ.അസീസ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിക്കുന്നതിലേയ്ക്കായി കമ്മീഷനു സമർപ്പിച്ച അപേക്ഷകളിൽ 8825 കടങ്ങളെ സംബന്ധിച്ച് അനുകൂല ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ ഇനിപ്പറയും പ്രകാരമാണ്. 2011-ൽ സമർപ്പിച്ച 3-ാം ഘട്ട റിപ്പോർട്ടിൽ 3249 കടങ്ങൾക്കും 2012-ൽ സമർപ്പിച്ച 4-ാം ഘട്ട റിപ്പോർട്ടിൽ 2410 കടങ്ങൾക്കും 2013-ൽ സമർപ്പിച്ച അഞ്ചാം ഘട്ട റിപ്പോർട്ടിൽ 3166 കടങ്ങൾക്കും കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ വർഷവും ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാത്ത എത്ര അപേക്ഷകളാണുള്ളത് ; | (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30.06.13 ന് മുമ്പായി സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ നിയമത്തിൽ ഉത്തമർണ്ണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ ഉത്തമർണ്ണൻമാർ എന്നിവരെ സംബന്ധിച്ച വ്യത്യസ്ത വ്യവസ്ഥകളാണ് ചേർത്തിട്ടുള്ളത്. ഇവയ്ക്ക് ഓരോന്നിനും പ്രത്യേക അപേക്ഷ വാങ്ങിയാലുള്ള ബുദ്ധിമുട്ട് പരിഗണിച്ച് |

| | | | |
|---|---|---|---|
| | | | ഓരേ അപേക്ഷയിൽ തന്നെ വിവിധ വ്യവസ്ഥകൾ ബാധകമാകുന്ന എല്ലാ വായ്പകളെയും സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്താനുള്ള അവസരം നൽകിയ തിനാൽ കമ്മീഷൻ പരിഗണിക്കേണ്ട വായ്പകളുടെ സംഖ്യ മേൽപ്പറഞ്ഞ അപേക്ഷ സംബന്ധിച്ച എണ്ണത്തേക്കാളും വളരെ കൂടുതലാണ്. |
| (സി) | അപേക്ഷകൾ തീർപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | 2008 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമപ്രകാരം കടമെടുത്ത അപേക്ഷകൾക്കും വായ്പ നൽകിയ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി അവരിൽ നിന്നും തെളിവെടുത്ത് അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്ന തിനുള്ള സിറ്റിംഗുകൾ കമ്മീഷൻ നടത്തി വരികയാണ്. കൂടാതെ ഒന്നിലധികം ബെഞ്ചുകൾ രൂപീകരിച്ച് സിറ്റിംഗുകളുടെ എണ്ണം കൂട്ടുക വഴി അപേക്ഷ തീർപ്പാക്കൽ പ്രക്രിയ ത്വരിതപ്പെടുത്തുന്ന തിനായി കമ്മീഷൻ സിറ്റിംഗിന്റെ ക്വാറം മൂന്നിൽ നിന്നും രണ്ടായി കുറച്ച് അടുത്ത കാലത്ത് നിയമ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തമർണ്ണ സ്ഥാപനങ്ങളല്ലാത്ത ഉത്തമർണ്ണന്മാരെ കൂടി വിളിച്ച് വരുത്തി അനുരഞ്ജനത്തിൽ ഏർപ്പെടുന്നതിനും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുമായി പരസ്പര ധാരണയിലൂടെ അനുരഞ്ജനത്തി ലെത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ